KSEB

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

07.04.2019 – ന് വെച്ചൂച്ചിറ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ശ്രീ. തോമസ് മത്തായിക്ക് സംഭവിച്ച മാരകമായ വൈദ്യുതാഘാതം - ആശ്വാസധനസഹായം അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

B.O (FTD) No. 192 /2020(PS.9/PUB/60/2086/Thomas Mathai/f/2019)

തീയതി, തിരുവനന്തപുരം 16.03.2020

---

സൂചനഃ-
1) B.O (DB) No.1641/2018 (PS.VIII/GL/97) dated 05.07.2018
2) പത്തനംതിട്ട ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നമ്പർ.GB/ED Pathanamthitta/Accident/2019-20/603 തീയതി 03.07.2019 ലെ വിശദ വിവര റിപ്പോർട്ട്.
3) പത്തനംതിട്ട ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നമ്പർ ബി.2608/2019/ഇ.ഐ.പി.റ്റി തീയതി 27.07.2019 റിപ്പോർട്ട്.
4) ചീഫ് പേഴ്സണൽ ഓഫീസർ 26.10.2019 ന് ഡയറക്ടർ (വിതരണം/ഐ.റ്റി) ക്ക് സമർപ്പിച്ച നമ്പർ. .PS.9/ PUB/2086/60/Thomas Mathai/f/2019 കുറിപ്പ്.
5) ചീഫ് പേഴ്സണൽ ഓഫീസർ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിച്ച നം.PS.9/PUB/2086/60/Thomas Mathai/F/2019 തീയതി 13.11.2019 (അജൻഡ നം.44/11/19).

## ഉത്തരവ്

07.04.2019 – ന് വെച്ചൂച്ചിറ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കന്നം വാഴമുക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന 11 KV വെച്ചൂച്ചിറ ഫീഡറിന്റെ ലൈനിൽ ശക്തമായ കാറ്റ് വീശിയതു മൂലം തെങ്ങോല വീഴുകയും അതിനെ തുടർന്ന് അമിത വൈദ്യുതി LT ലൈനിൽ കൂടി സമീപത്തുള്ള വീടുകളിൽ പ്രവേശിക്കുകയും ഈ സമയത്ത് സംഭവം കണ്ടുകൊണ്ട് വീടിനുപുറത്തു നിന്നിരുന്ന ശ്രീ. തോമസ് മത്തായി വീടിന്റെ മെയിൻ സ്വിച്ച് ഓഫാക്കാൻ ശ്രമിക്കുന്നതിനിടയിൽ ഷോക്കേറ്റ് മരണപ്പെടുകയുണ്ടായി.

സൂചന (1) B.O പ്രകാരം പോസ്റ്റിൽ നിന്നും മീറ്റർ പോയിന്റ് വരെയുള്ള KSEB Ltd പ്രതിഷ്ഠാപനത്തിൽ നിന്നുണ്ടാകുന്ന വൈദ്യുത അപകടങ്ങൾക്ക് വൈദ്യുതി സുരക്ഷാ സ്കീം പ്രകാരമുള്ള ആശ്വാസധനസഹായത്തിന് അർഹതയുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച അപകടം മെയിൽ സ്വിച്ചിൽ നിന്നും സംഭവിച്ചതിനാൽ വൈദ്യുതി സുരക്ഷാ സ്കീമിന്റെ പരിധിയിൽ വരുന്നതല്ല. ഉപഭോക്താവിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും വൈദ്യുതാഘാതമേറ്റുള്ള അപകട മരണം നിലവിലെ വൈദ്യുതി സുരക്ഷാ സ്കീമിന്റെ പരിധിയിൽ വരുന്നതല്ല ആയതിനാൽ ആശ്വാസധനസഹായത്തിന് അർഹതയില്ലാത്തതുമാകുന്നു. KSEBL ന്റെ installation ആയ LT ലൈനിൽ 11 KV line പൊട്ടി വീണ് അമിത വൈദ്യുതി പ്രവാഹം വീട്ടിനുള്ളിലെ സ്വിച്ച് ബോർഡിലേയ്ക്ക് പ്രവഹിച്ചാണ് വൈദ്യുതാഘാത മരണം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വീട്ടിലേയ്ക്ക് വൈദ്യുതി പ്രവാഹം മൂലം ഉണ്ടായേക്കാവുന്ന അപകട സാദ്ധ്യത തടയുന്നതിനുവേണ്ടി

തിട്ടക്കത്തിലുള്ള ടി. വ്യക്തിയുടെ പ്രവൃത്തിയാണ് വൈദ്യുതാഘാതമേൽക്കുവാൻ ഇടയാക്കിയത്. ആയതിനാൽ മാനുഷിക പരിഗണനക്ക് മുൻതൂക്കം നൽകി പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് അനുവദനീയമായ ആശ്വാസധനസഹായം കൺസ്യൂമർ ഇൻസ്റ്റലേഷൻ ആണെങ്കിൽ പോലും അപകടത്തിനിരയായ വ്യക്തിയുടെ ആശ്രിതർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ (ഡി, ഐ.റ്റി & എച്ച്.ആർ.എം) ന് ഉചിതമായ തീരുമാനം എടുക്കുന്നതിനുവേണ്ടി സൂചന (4) പ്രകാരം കുറിപ്പ് സമർപ്പിക്കുകയുണ്ടായി.

ഡയറക്ടർ (ഡി, ഐ.റ്റി & എച്ച്.ആർ.എം) - ന്റെ നിർദ്ദേശം പ്രകാരം ടി. വിഷയം 20.11.2019 – ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ സൂചന (5) കുറിപ്പ് പ്രകാരം സമർപ്പിക്കുകയും ടി. യോഗത്തിൽ പ്രസ്തുത അപകടം ഉപഭോക്താവിന്റെ പ്രതിഷ്ഠാപനത്തിൽ വച്ച് സംഭവിച്ചതിനാൽ മാനുഷിക പരിഗണന മുൻനിർത്തി അഞ്ചു ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനമെടുക്കുകയുണ്ടായി.

മരണപ്പെട്ട ശ്രീ. തോമസ് മത്തായിയുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അവകാശികൾക്ക് ടി തുക അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധിച്ച് വിലയിരുത്തിയ ശേഷം അനുവദിക്കുന്നതിന് പത്തനംതിട്ട ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ആയതിന്റെ കൈപ്പറ്റ് രസീതും മറ്റ് അർഹത സംബന്ധിച്ച രേഖകളും പേഴ്സണൽ ഡിപ്പാർട്ട്മെന്റിൽ ലഭ്യമാക്കേണ്ടതാണ്.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്